## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1801** **20-06-2024 - ൽ മറുപടിയ്ക്ക്**

## അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയിലെ നിർമ്മാണ പ്രവൃത്തികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വിളപ്പിൽശാലയിലെ അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയ്ക്ക് വേണ്ടി ഭൂമി വാങ്ങുന്നതിന് ആകെ ചെലവായ തുകയെത്രയെന്ന് വ്യക്തമാക്കാമോ; | (എ) | എ.പി.ജെ അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയുടെ ക്യാമ്പസ് നിർമ്മാണവുമായി ബന്ധപ്പെട്ട് വിളപ്പിൽശാലയിൽ 50 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് ആകെ 184,51,42,781/- രൂപ ചിലവാക്കിയിട്ടുണ്ട്. ഇതിൽ ഗ്രാന്റ് ഇൻ എയ്ഡ് തുക ആയി 5.60 കോടി രൂപ ഉൾപ്പെട്ടിട്ടുണ്ട്. ബാക്കി തുക സർവകലാശാലയുടെ തനത് ഫണ്ടിൽ നിന്നും ആണ് ചിലവാക്കിയിട്ടുള്ളത്. കൂടാതെ ട്രസ്റ്റ് റിസർച്ച് പാർക്കിനായി കിഫ്ബി അനുവദിച്ച 190,60,58,975/- രൂപ ചിലവഴിച്ച് 47.43 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) | ചുറ്റുമതിൽ നിർമ്മാണത്തിനായി അനുവദിച്ച തുകയും പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ; | (ബി) | ചുറ്റുമതിൽ നിർമാണത്തിനായി 2022-2023 സാമ്പത്തിക വർഷം 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നിർമാണത്തിനായി ആദ്യ ഘട്ടത്തിൽ 2,33,18,950/- രൂപ പൊതുമരാമത്തു വകുപ്പിന് 18.03.2023 തീയതിയിൽ നൽകുകയും നിർമ്മാണ പദ്ധതിയുടെ 60% പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ട നിർമ്മാണത്തിനായി 2,50,00,000/- രൂപ 25.03.2024 തീയതിയിൽ പൊതുമരാമത്തു വകുപ്പിന് നൽകിയിട്ടുണ്ട്. പദ്ധതിയുടെ ടെൻഡർ നടപടികൾ ടി വകുപ്പ് ആരംഭിച്ചിട്ടുണ്ട്. |
| (സി) | അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണത്തിനായി അനുവദിച്ച തുകയും പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ? | (സി) | അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണത്തിനായി 07.02.2024 ലെ ജി.ഒ(ആർ.റ്റി)നം.181/2024/ഉവിവ ഉത്തരവ് പ്രകാരം സർവകലാശാലയുടെ തനത് ഫണ്ടിൽ നിന്നും 42 കോടി രൂപയുടെ (rough cost estimate) ന് ഭരണാനുമതി നൽകിയിട്ടുണ്ട്. 04.03.2024 തീയതിയിൽ സർവകലാശാല ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണോത്ഘാടനം നടന്നു. സൈറ്റ് ക്ലിയറൻസ് ജോലികളും നിർമാണത്തിനായുള്ള മറ്റു പ്രവർത്തികളും നടന്നു വരുന്നു. 2025 ആഗസ്റ്റ് മാസത്തോടെ നിർമ്മാണം പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു . |

സെക്ഷൻ ഓഫീസർ